പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 348 * 15.3.2018 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര നയം

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എം. സ്വരാജ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | തൊഴിൽമേഖലയിലും സമ്പദ് രംഗത്ത് ആകെയും പുരോഗതി സൃഷ്ടിക്കാൻ പര്യാപ്തമായ വിനോദസഞ്ചാര രംഗം സാധാരണക്കാർക്കുകൂടി പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ വിപുലീകരിക്കുന്നതിന് വിനോദസഞ്ചാര നയം എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | എ) | സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളിൽ പ്രധാനപ്പെട്ട ഒരു മേഖലയാണ് ടൂറിസം. ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും, വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം. ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവ ലക്ഷ്യമിടുന്നതാണ് പുതിയ ടൂറിസം നയം. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്കു കൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ഇതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.<br>• കേരളത്തിലേയ്ക്ക് വരുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുക. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ 50 ശതമാനമെങ്കിലും വർദ്ധനവ് ഉണ്ടാക്കുക. അവധി ദിനങ്ങളിലും മറ്റും സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് കുടുംബസമേതം യാത്ര പോകുന്ന തരത്തിലുള്ള ടൂറിസം താൽപര്യം മലയാളികൾക്കിടയിൽ വർദ്ധിപ്പിക്കുക.<br>• ഉത്തരവാദിത്ത ടൂറിസവും, പുതിയ ടൂറിസം നയവും വഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക. തെരഞ്ഞെടുക്കപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരമുള്ള വികസന പദ്ധതികൾ നടപ്പിലാക്കുക. ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട കല, സംസ്കാരം എന്നിവയടക്കം ടൂറിസ്റ്റുകൾക്ക് നേരിട്ട് അനുഭവവേദ്യമാക്കുന്ന തരത്തിൽ ആർ.ടി മിഷൻ മുഖേന നിരവധി പരിപാടികൾ ലക്ഷ്യമിടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | • ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. ടൂറിസം മേഖലയിൽ മുതൽ മുടക്കുന്നതിന് പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രോത്സാഹനം നൽകുക. പരിസ്ഥിതി സൗഹൃദവും മാലിന്യമുക്തവുമായ ഉത്തരവാദിത്ത ടൂറിസം എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും നടപ്പാക്കുക. |
| ബി) | വിനോദസഞ്ചാര വികസനത്തിൽ പിന്നാക്കം നിൽക്കുന്ന ഉത്തര കേരളത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) | കാസർഗോഡ്, കണ്ണൂർ ജില്ലകളിലെയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെയും പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ കോർത്തിണക്കി "നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷിയേറ്റീവ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലേയ്ക്ക് ഒരു പ്രത്യേക പ്ലാൻ തയ്യാറാക്കി സമയക്രമം പാലിച്ച് പദ്ധതി നടപ്പാക്കേണ്ട ആവശ്യകത മനസ്സിലാക്കി M/s. BRDC യെ ഇതിന്റെ നോഡൽ ഏജൻസിയായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉത്തര കേരളത്തിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിക്കുകയെന്നത് വകുപ്പിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇതിന്റെ മുന്നോടിയായി വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും, കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 'മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്' എന്ന ഒരു പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ മേഖലയിലെ ബോട്ട് ജെട്ടിയുടെ നവീകരണത്തിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | വിനോദസഞ്ചാര വികസനം പരിസ്ഥിതിക്ക് ആഘാത മേല്പിക്കാത്ത രീതിയിലും പൊതുശുചിത്വത്തിന് മുൻഗണന നൽകിയും സാംസ്കാരികാധിനിവേശത്തിന് കളമൊരുക്കാത്ത വിധത്തിലും ആയിരിക്കാൻ ജാഗ്രത പുലർത്തുമോ; വിശദമാക്കാമോ? | സി) | പരിസ്ഥിതി സൗഹൃദവും ഹരിത പ്രോട്ടോക്കോൾ പാലിച്ചും, തനതു സംസ്കാരം നിലനിർത്തിയും വിനോദസഞ്ചാര വികസനം പരിപോഷിപ്പിക്കുന്നതിന് വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. വികസന പദ്ധതികളെല്ലാം ഈ സാഹചര്യം വിലയിരുത്തിയുള്ളതാണ്. ഇതിന് ഊന്നൽ നൽകുന്നതാണ് സർക്കാരിന്റെ പുതിയ ടൂറിസം നയം. കേരളത്തിന്റെ തനതു സാംസ്കാരികവും, ഗ്രാമീണ മേഖലയിലടക്കം |

| | | | |
|---|---|---|---|
| | | | പൈതൃകവും സംരക്ഷിക്കുന്നതിനും തൊഴിലും, നാട്ടറിവും നിലനിർത്തുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും അല്ലാതെയും വിവിധങ്ങളായ നടപടികളാണ് വകുപ്പ് കൈക്കൊണ്ടു വരുന്നത്. ഈ നിലയ്ക്കുള്ള പദ്ധതികളാണ് ഓരോ മേഖലയിലും വകുപ്പ് ആസൂത്രണം ചെയ്തു വരുന്നത്. മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കേണ്ടതും ശുചിത്വ പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിലും, ചുമതലയിലും ഉൾപ്പെട്ടതാണ്. എന്നിരുന്നാലും സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "ക്ലീൻ ഡെസ്റ്റിനേഷൻ കാംപെയിൻ " എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജ പദ്ധതികളും വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിവിധ ഏജൻസിയുമായി ചേർന്ന് മാലിന്യ നിയന്ത്രണത്തിന് പ്രത്യേക പ്രാധാന്യം നൽകി വരുന്നു. നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ദേവികുളം ഗ്രാമപഞ്ചായത്തിന് മാലിന്യ നിർമ്മാർജ്ജനത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**